കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത്

2017-18 ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം. കെ.എസ്.എ-എ.എൽ.പി-ബി.പി-1498/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ ജില്ല

തീയതി. 16.11.2018
ഫോൺ – 0477 2252753
ഇ-മെയിൽ – ddhglfalpy@gmail.com

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

.

.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം: ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത്- 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-എ.എൽ.പി-ബി.പി-1498/18 തീയതി : 16.11.2018

# ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994* ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് *215(4)* , *1994* ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് *13, 1996* ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം *18* എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.11.2017 മുതൽ 12.08.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനും മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | സാബു ജോസഫ്,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 13.08.2018 മുതൽ 17.08.2018 വരെയും<br>03.10.2018മുതൽ 06.08.2018 വരെയും | ശ്രീമതി. എൻ.സുജ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)<br>ശ്രീ. പ്രവീൺ ഷേണായി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ.<br>ശ്രീമതി. ദീപാ. കെ. ഗോപാൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ.<br>ശ്രീമതി. സുഷ.റ്റി.പിള്ള, സീനിയർ ഗ്രേഡ് ഓഡിറ്റർ. |

(ബി) നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | |
|---|---|
| ശ്രീ. ബിജു കൊല്ലശ്ശേരി | 01.04.2017 മുതൽ 31.03.2018 വരെ |

സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| ക്രമ നം. | സ്റ്റാൻഡിംഗ് കമ്മറ്റി | പേര് | കാലയളവ് |
|---|---|---|---|
| 1 | ധനകാര്യം. | ഗിരിജ സന്തോഷ് | 01.04.2017 മുതൽ 31.03.2018 വരെ. |
| 2 | ആരോഗ്യ വിദ്യാഭ്യാസം | എസ്. സുരേഷ് | 01.04.2017 മുതൽ 31.03.2018 വരെ. |
| 3 | വികസനകാര്യം. | ജോബിൾ പെരുമാൾ | 01.04.2017 മുതൽ 31.03.2018 വരെ. |
| 4 | ക്ഷേമകാര്യം. | മിനി കൃഷ്ണകുമാർ | 01.04.2017 മുതൽ 31.03.2018 വരെ. |

2) സെക്രട്ടറി

| | |
|---|---|
| ശ്രീ. കെ.അനിൽ കുമാർ | 01.04.2017 മുതൽ 31.03.2018 വരെ. |

3) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| പേര് | ഉദ്യോഗപേര് | കാലയളവ് |
|---|---|---|
| ശ്രീമതി. എലിസബത്ത് ഡാനിയേൽ | കൃഷി അസി. ഡയറക്ടർ | 01.04.2017 മുതൽ 31.03.2018വരെ. |
| ശ്രീമതി. രാജലക്ഷ്മി | ശിശുവികസന ഓഫീസർ | 01.04.2017 മുതൽ 31.03.2018വരെ. |
| ശ്രീ. സത്യനാഥ്. ബി. | അസി.എക്സി.എൻജിനീയർ | 01.04.2017 മുതൽ 31.03.2018വരെ. |
| ശ്രീമതി. ഡോ. ജയ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. തൃക്കുന്നപ്പുഴ | 01.04.2017 മുതൽ 31.03.2018വരെ. |
| ശ്രീ. സുരേഷ് കുമാർ | സീനിയർ വെറ്റിനറി സർജൻ | 01.04.2017 മുതൽ 31.03.2018വരെ. |
| ശ്രീ. കൃഷ്ണകുമാർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01.04.2017 മുതൽ 29.8.17 വരെ |
| ശ്രീ. അനിൽ കുമാർ.പി.സി. | | 29.8.2017 മുതൽ 31.03.2018 വരെ |
| ശ്രീ. ജി. ആർ. രാജേഷ് | എസ്.സി.ഡി.ഒ. | 01.04.2017 മുതൽ 12.07.2017 വരെ |
| ശ്രീമതി. ശ്രീരശ്മി | | 13.07.2017 മുതൽ 31.03.2018 വരെ |
| ശ്രീ. ബാബുരാജ് | അസി.എഞ്ചിനീയർ | 01.04.2017 മുതൽ 12.04.2017 വരെ |
| ശ്രീ. ശരവണേശ്വർ | | 12.04.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം :

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ഇനം |
|---|---|---|
| ഭാഗം – 1 | | |
| 1 | 1-1 മുതൽ 1-9 വരെ | പൊതു അവലോകനം |
| ഭാഗം – 2 | | |
| 2 | 2-1 | വരവ് വർദ്ധനവിന് നടപടികളില്ല. |
| 3 | 2-2 | ഇ-ടെണ്ടർ -ടെണ്ടർ ഫീയിനത്തിൽ എക്സി.എൻജിനീയറുടെ അക്കൌണ്ടിൽ ഒടുക്കിയ തുക ബ്ലോക്ക്പഞ്ചായത്തിന് തിരികെ ലഭിച്ചില്ല. |
| 4 | 2-3 | പദ്ധതിക്കായി വകയിരുത്തിയ മറ്റുസ്ഥാപന വിഹിതം ലഭ്യമായില്ല. |

| | | |
|---|---|---|
| 5 | 2-4 | ലേലം ചെയ്ത ജീപ്പ് ബ്ലോക്ക് പഞ്ചായത്തിൽ തന്നെ സൂക്ഷിച്ചിരിക്കുന്നു |
| ഭാഗം – 3 | | |
| 6 | 3-1 | ബഡ്സ് സ്കൂളുകൾക്ക് വിഹിതം നൽകൽ - പദ്ധതി ആസൂത്രണ-നിർവ്വഹണത്തിൽ പാളിച്ചകൾ |
| 7 | 3-2 | IAY ബാങ്ക് അക്കൌണ്ടിലേക്ക് മാറ്റിയിട്ട പദ്ധതിപ്പണം വിനിയോഗിക്കാതെ അവശേഷിക്കുന്നു. |
| 8 | 3-3 | പാലിയേറ്റീവ് പദ്ധതി. വിനിയോഗ ശേഷമുള്ള തുക തിരിച്ചടച്ചിട്ടില്ല |
| 9 | 3-4 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് – വിനിയോഗ ശേഷമുള്ള തുക തിരിച്ചടച്ചിട്ടില്ല. |
| 10 | 3-5 | കുഴൽ കിണർ- പ്രോജക്ട് നിർവ്വഹണത്തിലെ അപാകത – തുക തടസ്സപ്പെടുത്തുന്നു |
| 11 | 3-6 | സാക്ഷരത പദ്ധതി-ഗുണഭോക്തൃവിഹിതം -സാക്ഷരതമിഷന് നൽകിയില്ല. പദ്ധതിയുടെ ലക്ഷ്യം കൈവരിച്ചില്ല. |
| 12 | 3-7 | ഗുണഭോക്താക്കളെ ലഭിക്കാത്തതിനാൽ വ്യവസായ വികസന ഓഫീസർ നിർവ്വഹണഉദ്യോഗസ്ഥനായി അംഗീകാരം ലഭിച്ച പ്രോജക്ടുകൾ ഉപേക്ഷിച്ചു. |
| 13 | 3-8 | പ്ലാസ്റ്റിക് റീസൈക്ലിങ് യൂണിറ്റ് - ഭൌതീക സാഹചര്യം ഒരുക്കലും, മെഷിനറി വാങ്ങലും - മതിയായ മുന്നൊരുക്കങ്ങൾ ഇല്ലാതെയുള്ള പ്രോജക്ട് നിർവ്വഹണം |
| ഭാഗം – 4 | | |
| 14 | 4-1 മുതൽ 4-10 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബഡ്ജറ്റ് 29.03.2017തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബഡ്ജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബഡ്ജറ്റ് പ്രകാരം | 543000358 | 541450358 |
| വാർഷിക കണക്ക് പ്രകാരം | 118104653 | 89793455 |

ബഡ്ജറ്റ് രൂപീകരണം മാന്വൽ നിർദ്ദേശങ്ങൾ പാലിച്ചില്ല.

ബഡ്ജറ്റ് തയ്യാറാക്കുന്നതിനായി വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ നോൺപ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ നേതൃത്വത്തിൽ ഘടകസ്ഥാപനമേധാവികളുടെ ഒരു യോഗം സെക്രട്ടറി വിളിച്ചുചേർക്കണമെന്നും, ഇപ്രകാരം തയ്യാറാക്കിയ ബഡ്ജറ്റ് നിർദ്ദേശങ്ങളും, സെക്രട്ടറിയുടെ ചുമതലയിലുള്ള നോൺ പ്ലാൻ ബഡ്ജറ്റ് നിർദ്ദേശങ്ങളും മറ്റ് സ്റ്റാന്റിംഗ് കമ്മറ്റികൾക്ക് പരിശോധനയ്ക്കും നിർദ്ദേശങ്ങൾക്കുമായി നൽകുകയും ഇവയുടെ നിർദ്ദേശങ്ങളും ശുപാർശകളും കൂടി ഉൾപ്പെടുത്തി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കണമെന്നും, ഇപ്രകാരമുള്ള നോൺപ്ലാൻ ചെലവുകളും വാർഷിക പദ്ധതിയുമായി സംയോജിപ്പിച്ച്

ബഡ്ജറ്റ് രൂപീകരിക്കണമെന്നാണ് മാന്വൽ അനുശാസിക്കുന്നത്. വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ മീറ്റിംഗ് വിളിച്ചിരുന്നു എന്നും എന്നാൽ മിനിട്സ് സൂക്ഷിച്ചിട്ടില്ല എന്നുമാണ് സെക്രട്ടറി അറിയിച്ചിട്ടുള്ളത്. മിനിട്സിന്റെ അഭാവത്തിൽ ബഡ്ജറ്റ് നിർദ്ദേശങ്ങളും ശുപാർശകളും എന്തായിരുന്നു എന്നു വ്യക്തമല്ല. ബഡ്ജറ്റ് രൂപീകരിക്കണം മാന്വൽ അനുശാസിക്കും പ്രകാരം നടത്തേണ്ടതാണ്.

## 1-2) വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.05.18 | 18.06.18 |

## 1-3) വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4) സാമ്പത്തിക വിശകലനം (റെസീപ്റ്റ് &പേയ്മെന്റ് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | 59685543 |
| വരവ് | 118104653 |
| ആകെ | 177790196 |
| ചെലവ് | 89793455 |
| നീക്കിയിരിപ്പ് | 87996741 |

## 1-5) ഫണ്ട് വിനിയോഗം. (എസിആർ പ്രകാരം)

| ഫണ്ടിനം. | ഒ.ബി. | വരവ്. | ആകെ. | ചെലവ്. | നീക്കിയിരിപ്പ്. |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | | 34730958 | 34730958 | 32169327 | 2561631 |
| എസ്.സി. പി | | 11141656 | 11141656 | 11141656 | 0 |
| ടി.എസ്.പി | | 219000 | 219000 | 219000 | 0 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | | 4839344 | 4839344 | 4839344 | |
| ട്രഷറി-ടി.എസ്.ബി | 30018257 | 5169993 | 8178250 | 7155585 | 1022665 |
| കാനറാ ബാങ്ക് -IAY -ഹരിപ്പാട് | 1000 | 113794 | 114794 | 83 | 114711 |
| TSC | 1946859 | 137167 | 2084026 | 87000 | 1997026 |
| IOB | 22797 | 884 | 23681 | 148 | 23533 |
| SBT (മിസലേനിയസ് ) | 1010107 | 414244 | 1424351 | 406695 | 1017656 |
| PNB Hharipad | 4821 | 182 | 5003 | 70 | 4933 |
| PNB – IAY administative account | 10200 | 391 | 10591 | 3191 | 7400 |

| | | | | | |
|---|---|---|---|---|---|
| SpecialTSB NABARD | 473418 | 1119158 | 1592576 | 1565882 | 22694 |
| കാനറബാങ്ക് – IAYപ്ലാൻഷെയർ | 53208084 | 49882271 | 103090355 | 25072105 | 78018250 |

## 1-6) പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | ശതമാനം |
|---|---|---|---|---|---|---|
| 82 | 47649000 | 70 | 48369327 | 12 | -- | 85% |

## 1-7) ആഭ്യന്തര നിയന്ത്രണം

സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമെങ്കിലും താഴെപറയുന്ന അപാകതകൾ നിലനിൽക്കുന്നു.

1. പൊതുജനങ്ങൾക്ക് തൃപ്തികരമായ സേവനം നൽകുന്നതിനായി ഫ്രണ്ട് ഓഫീസ് സംവിധാനം നിലവിലില്ല.
2. സാംഖ്യ സംവിധാനത്തിൽ ചെലവുകൾക്ക് സാംഖ്യ വൗച്ചറുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.
3. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.
4. 2012-ൽ ആണ് മുഴുവൻ ജീവനക്കാരുടെയും ജോലി വിഭജനം നടത്തികൊണ്ട് ഏറ്റവും അവസാനമായി ഓഫീസ് ഉത്തരവ് തയ്യാറാക്കിയിട്ടുള്ളത്. പിന്നീട് ജീവനക്കാർ മാറിവരുന്നതനുസരിച്ച് സെക്ഷനുകൾ കൈമാറി നൽകി വരുന്നു. നിലവിലുള്ള ജീവനക്കാർ കൈകാര്യം ചെയ്യുന്ന വിഷയങ്ങൾ ഏതാണ് എന്നത് ഓഫീസ് ഉത്തരവിൽ നിന്ന് പെട്ടെന്ന് കണ്ടെത്തുക പ്രയാസമാണ്. അതുപോലെ മൂന്നു വർഷത്തിൽ അധികമായി ഒരേ സീറ്റിൽ തന്നെ തുടരുന്ന ജീവനക്കാരും ഉണ്ട്. ഓഫീസ് ഉത്തരവ് കാലികമാക്കുന്നതിന് ശ്രദ്ധചെലുത്തേണ്ടതാണ്.
5. പെഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നതിലും മേൽ പരിശോധനയിലും അലംഭാവം ശ്രദ്ധയിൽപ്പെട്ടു. തപാലുകൾ അപൂർണ്ണമായി മാത്രമേ രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നുള്ളൂ. മാസവസാനം പെന്റിംഗ് ലിസ്റ്റ് തയ്യാറാക്കുന്നില്ല. തപാലുകളുടെ ഡിസ്പോസൽ സംബന്ധിച്ച് വിവരം കൃത്യമായി രേഖപ്പെടുത്തുന്നില്ല.
6. പഞ്ചായത്തിന്റെ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ കാലികമായി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നില്ല. ഇവയുടെ തുടർ പരിശോധന നടത്തുന്നില്ല. പുറംപോക്ക് ഭൂമി സംബന്ധിച്ച വിവരം കൃത്യമായി സൂക്ഷിച്ചിട്ടില്ല. കാലഹരണപ്പെട്ടതും, പ്രവർത്തനരഹിതവുമായ ആസ്തികൾക്ക് പ്രത്യക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം ശക്തിപ്പെടുത്തേണ്ടതാണ്.

## 1-8) മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് |
|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.8.18 | 2016-17 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.2.18 | 2013-14 മുതൽ 2016-17 വരെ |

## 1-9) വാർഷികകണക്കിലെ അപാകതകൾ.

ഖണ്ഡിക 4-1ൽ പ്രത്യേകമായി ചേർത്തിട്ടുണ്ട്

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വരവ് വർദ്ധനവിന് നടപടികളില്ല.

തനതുവരുമാന മാർഗ്ഗങ്ങൾ ശുഷ്കമായ സ്ഥാപനമാണ് ബ്ലോക്ക് പഞ്ചായത്ത്. നികുതി വരുമാനം ഇല്ലാത്ത ബ്ലോക്ക് പഞ്ചായത്തിന് മറ്റ് ധനാഗമ മാർഗ്ഗങ്ങൾ എന്തെങ്കിലും കണ്ടെത്താനാവുമോ എന്നത് സംബന്ധിച്ച് വിശകലനം നടത്തേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയാണ്. എന്നാൽ ചെലവുകൾ അംഗീകരിക്കുന്നതല്ലാതെ ഇപ്രകാരമൊരു ചർച്ച നടന്നതായി കാണുന്നില്ല. മറ്റു നികുതി ഇതര വരവുകൾ കണ്ടെത്താനാവുമോ എന്നതും, ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തികൾ വരുമാനദായകമായി മാറ്റാൻ ആവുമോ എന്നതും പരിഗണിക്കാവുന്നതാണ്.

## 2-2 ഇ-ടെണ്ടർ -ടെണ്ടർ ഫീയിനത്തിൽ എക്സി.എൻജിനീയറുടെ അക്കൌണ്ടിൽ ഒടുക്കിയ തുക ബ്ലോക്ക്പഞ്ചായത്തിന് തിരികെ ലഭിച്ചില്ല.

ബ്ലോക്ക്പഞ്ചായത്തിൽ തൻവർഷം ഇ-ടെണ്ടർ മുഖേനയാണ് 7 മരാമത്ത് പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുള്ളത്. ഈ പ്രവർത്തികളിൽ ടെണ്ടർ ഫീ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് എൽ.എസ്.ജി.ഡി. എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും 115510/- രൂപ തിരികെ ലഭിക്കുവാനുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ തനതു വരുമാനമായ ടെണ്ടർ ഫീസ് ഇനത്തിൽ ജില്ലാപഞ്ചായത്ത് എക്സി. എൻജിനീയറുടെ അക്കൗണ്ടിൽ നിൽക്കുന്ന തുക തിരികെ ഈടാക്കാൻ സ്വീകരിക്കേണ്ടതാണ്.

2017-18വർഷത്തെ ഇ.ടെണ്ടർ സംബന്ധിച്ച വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര് | ലഭിച്ച ടെണ്ടറുകളുടെ എണ്ണം | ടെണ്ടർ ഫീ | ആകെ തുക |
|---|---|---|---|---|
| 1. | പല്ലന ഹൈ സ്കൂളിന് സമീപം കൾവർട്ട് നിർമ്മാണം | 1 | 1180 | 1180 |
| 2. | ഇടപ്പള്ളി തോപ്പ് - SNDPറോഡ് - കൾവർട്ട് നിർമ്മാണം | 1 | 1180 | 1180 |
| 3 | കേളമ്പിശ്ശേരി- കൈകണ്ടശ്ശേരി ഡ്രെയിനേജ് | 1 | 1180 | 1180 |
| 4 | നെടുന്തറ – കാട്ടിൽപറമ്പ് റോഡ് | 3 | 1180 | 3540 |
| 5 | ചെറുതന സി.എച്ച്.സി റീ വയറിങ് | 1 | 530 | 530 |
| 6 | MPLADS – അംഗനവാടി നം. 93 | 2 | 2400 | 4800 |
| 7 | തൃക്കുന്നപ്പുഴ സി.എച്ച്.സി മെയിന്റനൻസ് | 7 | 7350 | 51450 |
| 8 | MPLADS- എസ്.എൻ.ഡി.പി. എച്ച്.എസ്.ന് കിഴക്ക് വശം പാലം നിർമ്മാണം | 4 | 3150 | 12600 |
| 9 | ഓഡോമീറ്റർ | 3 | 350 | 1150 |
| 10 | MPLADS- വീയപുരം -പായിപ്പാട് വെറ്റിനറി | 1 | 500 | 500 |
| 11 | MPLADS- പ്രണവം ജം.വെയിറ്റിങ് ഷെഡ് | 2 | 800 | 1600 |
| 12 | പാമ്പനാം - വെട്ടുകുഴി ബണ്ട് | 3 | 5600 | 16800 |

| | | | | |
|---|---|---|---|---|
| 13 | പുതുക്കുളങ്ങര - വല്ലിയിൽ | 1 | 2300 | 2300 |
| 14 | പ്ലാസ്ററിക് റീ സൈക്ലിങ് യൂണിറ്റ് | 3 | 5600 | 16800 |

## 2-3 പദ്ധതിക്കായി വകയിരുത്തിയ മറ്റുസ്ഥാപന വിഹിതം ലഭ്യമായില്ല.

വാർഷിക പദ്ധതിയിൽ കേന്ദ്രവിഹിതം 54,00,000/- രൂപ, മറ്റ് ബ്ലോക്ക് പഞ്ചായത്ത് വിഹിതം 1,46,73,360/- രൂപ, ജില്ലാ പഞ്ചായത്ത് വിഹിതം – 20,12,500/- രൂപ, മറ്റ് ഗ്രാമപഞ്ചായത്ത് വിഹിതം – 71,77,000 രൂപ എന്നിങ്ങനെ തുക വകയിരുത്തിയിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് വിഹിതമായി 55ലക്ഷത്തോളം രൂപ മാത്രമാണ് ഈയിനത്തിൽ ആകെ ലഭിച്ചത്. മറ്റു സ്ഥാപന വിഹിതം വകയിരുത്തിയിരുന്നത് ആർജ്ജിക്കുവാൻ പഞ്ചായത്തിന്റെ ഭാഗത്തു നിന്ന് ശ്രമിച്ചതായി കാണുന്നില്ല. മറ്റ് സ്ഥാപനങ്ങളിൽ നിന്നുള്ള വിഹിതം വകയിരുത്തിയത് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും പദ്ധതികൾ യഥാസമയം പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 2-4 ലേലം ചെയ്ത ജീപ്പ് ബ്ലോക്ക് പഞ്ചായത്തിൽ തന്നെ സൂക്ഷിച്ചിരിക്കുന്നു

ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിന്റെ KL -01/E-6783 നമ്പർ ജീപ്പ് മൂന്നു പ്രാവശ്യം ലേലം നടത്തിയിരുന്നുവെങ്കിലും പി.ഡബ്ല്യൂ.ഡി നിശ്ചയിച്ച നല്കിയ 1,25,000/- രൂപയ്ക്ക് ആരും ലേലം കൊണ്ടില്ല. 04.08.2016 ലെ GED/518/2013 നമ്പരായി പുനർ ലേല പരസ്യം നല്കിയതിന്റെ അടിസ്ഥാനത്തിൽ ശ്രീ. കെ. ബി. മനീഷ്, നല്ല പോച്ചയിൽ, എരിക്കാവ് എന്നയാൾ 12.08.2016 ലെ ലേലത്തിൽ 64000/-രൂപയ്ക്ക് ലേലം ഉറപ്പിച്ചു. എന്നാൽ 32000/- രൂപ ഡെപ്പോസിറ്റായി അടച്ച് ലേലം ഉറപ്പിച്ചതല്ലാതെ നാളിതു വരെ ബാക്കി തുകയടച്ച് ജീപ്പ് ഏറ്റെടുത്തില്ല. മേൽ നമ്പരായി പരാമർശിച്ചിട്ടുള്ള ലേല പരസ്യത്തിൽ ലേലം വിളിക്കുന്ന തുകയുടെ 50% ലേല തീയതിയിൽ തന്നെ അടയ്ക്കണമെന്നും 10 ദിവസത്തിനകം ബാക്കി തുക അടച്ച് വാഹനം ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ നിന്നും മാറ്റേണ്ടതുമാണെന്ന് വ്യവസ്ഥചെയ്തിരുന്നു.

ലേല നടപടിയ്ക്ക് സാധൂകരണം സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ല എന്ന കാരണത്താൽ ലേലക്കാരൻ വാഹനം ഏറ്റെടുത്തില്ല. 12.08.2016-ൽ പുനർ ലേലം ചെയ്ത നടപടിയ്ക്ക് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സ.ഉ.(സാധാ) നം. 344/2018/ത.സ്വ.ഭ.വ/05.02.2018 നമ്പർ ഉത്തരവു പ്രകാരം സാധൂകരണം ലഭിച്ചിട്ടും ബാക്കി തുക അടച്ച് വാഹനം ഏറ്റെടുത്ത് ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ നിന്നും മാറ്റിയിട്ടില്ല. ഈ വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം നം. 10/06.10.2018 ന് നല്കിയ മറുപടിയിൽ വാഹനം ഏറ്റെടുക്കുവാൻ ലേലക്കാരന് നിർദ്ദേശം നല്കിയിട്ടുണ്ടെന്ന് അറിയിച്ചു.

ലേല നിബന്ധനകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുക വഴി ബ്ലോക്ക് പഞ്ചായത്തിന് നഷ്ടമുണ്ടാക്കിയ വ്യക്തിയുടെ നഷ്ടോത്തരവാദിത്വത്തിൽ പുനർ ലേലം ചെയ്യുകയും ഡെപ്പോസിറ്റായി അടച്ച തുക തനതു ഫണ്ടിലേക്ക് മുതൽ കൂട്ടുകയും ചെയ്യേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ബഡ്സ് സ്കൂളുകൾക്ക് വിഹിതം നൽകൽ - പദ്ധതി ആസൂത്രണ-നിർവ്വഹണത്തിൽ പാളിച്ചകൾ

പ്രോജക്ട് നം. - 73/18

അടങ്കൽ - 1300000/-

ചെലവ് - 1200000/-

ബിൽ നം. - ICDS/HPD/1/2017-18/20.10.17

സി.ഡി.പി.ഒ. നിർവ്വഹണ ഉദ്യോഗസ്ഥയായി ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള ബഡ്സ് സ്കൂളുകൾക്ക് വിഹിതം അനുവദിക്കുന്നതിനായി പഞ്ചായത്ത് കമ്മിറ്റിയുടെ 19.05.2017 തീയതിയിലെ തീരുമാന

പ്രകാരം പദ്ധതി ആവിഷ്കരിച്ച് ചുവടെ ചേർക്കും പ്രകാരം ഓരോ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെയും അക്കൗണ്ടിലേക്ക് തുക അനുവദിച്ചു .

| പഞ്ചായത്തിന്റെ പേര് | അനുവദിച്ച തുക |
|---|---|
| കാർത്തികപ്പള്ളി | 300000 |
| പള്ളിപ്പാട് | 400000 |
| തൃക്കുന്നപ്പുഴ | 500000 |

പദ്ധതി നടപ്പാക്കിയതിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ബഡ്സ് സ്കൂളുകൾക്ക് വിഹിതം അനുവദിക്കുന്നത് ഏത് ആവശ്യത്തിലേക്ക് എന്ന് പദ്ധതിയിൽ വ്യക്തമാക്കിയിട്ടില്ല.
2. പള്ളിപ്പാട്, കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്സ് സ്കൂൾ ഇല്ല . കാർത്തികപ്പള്ളി പഞ്ചായത്തിൽ ബഡ്സ് സ്കൂൾ ഇല്ല എന്ന കാരണത്താൽ തുക തിരികെ ആവശ്യപ്പെടുകയും തുക തിരികെ ലഭിക്കുകയും ചെയ്തിട്ടുണ്ട് . എന്നാൽ പള്ളിപ്പാട് പഞ്ചായത്തിൽ നിന്നും തുക തിരികെ വാങ്ങിയിട്ടുമില്ല. ഇല്ലാത്ത ബഡ്സ് സ്കൂളിന് വിഹിതം നല്കുവാൻ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.
3. കാർത്തിപ്പള്ളി പഞ്ചായത്തിൽ നിന്നും ലഭിച്ച തുക 06.03.2018 ലെ 23053 നമ്പർ ചെക്ക് പ്രകാരം 300000 രൂപ ഹരിപ്പാട് ട്രഷറിയിൽ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ചിട്ടുണ്ട് . എന്നാൽ ട്രഷറി ചെലാനിൽ തൃക്കുന്നപ്പുഴ പഞ്ചായത്തിന്റെ വിഹിതം തിരിച്ചടയ്ക്കുന്നതായി തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.
4. തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിന് ലഭിച്ച തുകയുടെ കൈപ്പറ്റ് രേഖകൾ ഹാജരാക്കിയിട്ടില്ല .

പദ്ധതി നിർവ്വഹണത്തിൽ വരുത്തിയിട്ടുള്ള വീഴ്ചകൾക്കു പുറമെ സംയുക്ത പദ്ധതികൾ നടപ്പാക്കുമ്പോൾ ബ്ലോക്ക് പഞ്ചായത്ത് പാലിക്കേണ്ട നടപടികൾ ഒന്നും തന്നെ പഞ്ചായത്ത് അധികൃതർ പാലിച്ചിട്ടില്ല. നടപ്പാക്കുന്ന പദ്ധതികളുടെ പ്രായോഗികത വിലയിരുത്തുകയോ ആവശ്യമായ മോണിട്ടറിംഗ് നടത്തുകയോ ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയ്യുന്നില്ല.

ബ്ലോക്ക് പഞ്ചായത്ത് രൂപീകരിക്കുന്ന അതേ പദ്ധതി തന്നെ ഗ്രാമപഞ്ചായത്തും രൂപീകരിച്ചിട്ടുണ്ടോ എന്ന് വിലയിരുത്തിയിട്ടല്ല കാർത്തികപ്പള്ളി പഞ്ചായത്തിന് തുക അനുവദിച്ചിട്ടുള്ളത്. വനിതാ വികസനം എന്ന വർക്കിംഗ് ഗ്രൂപ്പിന്റെ 15.05.2017 തീയതിയിലെ മിനിറ്റ്സിൽ കാർത്തികപ്പള്ളി, കുമാരപുരം പഞ്ചായത്തുകൾക്ക് ബഡ്സ് സ്കൂൾ വേണം എന്ന വിഷയം ചർച്ച ചെയ്തിട്ടുണ്ട്. എന്നാൽ സ്കൂൾ ആരംഭിക്കുന്നതിനു മുൻപു തന്നെ 19.05.2017 ലെ ജനറൽ കമ്മിറ്റി കാർത്തികപ്പള്ളി പഞ്ചായത്തിനുള്ള തുക വകയിരുത്തി പദ്ധതി രൂപീകരിക്കുകയും സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് സി.ഡി.പി.ഒ മുഖേന തുക കൈമാറുകയും ചെയ്തു. സംയുക്ത പ്രോജക്റ്റിന്റെ അഭാവത്തിൽ ഈ തുക കാർത്തികപ്പള്ളി പഞ്ചായത്തിനു വിനിയോഗിക്കുവാൻ സാധിക്കാത്തതിനെ തുടർന്നു തിരികെ നല്കുകയാണുണ്ടായത്.

മേൽ വിഷയം സംബന്ധിച്ചു നല്കിയ ഓഡിറ്റ് അന്വേഷണം നം. 6/05.10.18 ന് പള്ളിപ്പാട്, തൃക്കുന്നപ്പുഴ പഞ്ചായത്തുകൾക്ക് ബഡ്സ് സ്കൂളിനു സ്ഥലം വാങ്ങുന്നതിനാണ് തുക അനുവദിച്ചിരിക്കുന്നതെന്ന് മറുപടി നല്കി. എന്നാൽ പള്ളിപ്പാട്, തൃക്കുന്നപ്പുഴ പഞ്ചായത്തുകളിലെ സെക്രട്ടറിമാരോട് നടത്തിയ അന്വേഷണത്തിൽ ലഭിച്ച തുക വിനിയോഗിക്കാതെ അവരുടെ അക്കൗണ്ടുകളിൽ നിലനിൽക്കുന്നു എന്നാണ് അറിയിച്ചിട്ടുള്ളത്.

പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ലാത്തതിനാൽ ആകെ ചെലവഴിച്ച 1200000/- രൂപയിൽ ട്രഷറിയിൽ തിരികെ അടച്ച 300000/- രൂപ ഒഴികെ ബാക്കി 900000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

## 3-2 IAY ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റിയിട്ട പദ്ധതിപ്പണം വിനിയോഗിക്കാതെ അവശേഷിക്കുന്നു.

IAY- പദ്ധതിക്കായി മറ്റുപഞ്ചായത്തുകളിൽ നിന്നുള്ള വിഹിതം, ബ്ലോക്ക് പഞ്ചായത്ത് വിഹിതം എന്നിവ വർഷങ്ങളായി ബ്ലോക്ക് പഞ്ചായത്തിന്റെ IAY അക്കൌണ്ടിലേക്ക് മാറ്റി ഇട്ടാണ് ചെലവ് നടത്തിയിരുന്നത്. എന്നാൽ ഈയിനത്തിൽ 2017-18 വർഷാവസാനം 7,80,18,250/- രൂപ ചെലവഴിക്കാതെ അക്കൌണ്ടിൽ ബാക്കി നിൽക്കുന്നു. യഥാർത്ഥത്തിൽ ഉള്ള ഗുണഭോക്താക്കളേക്കാളും അധികം ആളുകൾക്കുവേണ്ടി പദ്ധതിയിൽ തുക വകയിരുത്തുകയും തുക ബാങ്ക് അക്കൌണ്ടിലേക്ക് മാറ്റിയിടുകയും ചെയ്തത് വഴിയാണ് ഇപ്രകാരം സംഭവിച്ചത്. ചെലവഴിക്കപ്പെടാതെ നിഷ്ക്രിയമായി കിടക്കുന്ന തുക സർക്കാരിലേക്ക് തിരിച്ചടക്കുകയോ സർക്കാർ അനുവാദത്തോടെ പഞ്ചായത്തിന്റെ പദ്ധതിക്കായി വിനിയോഗിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുകയോ ചെയ്യേണ്ടതാണ്.

## 3-3 പാലിയേറ്റീവ് പദ്ധതി - വിനിയോഗ ശേഷമുള്ള തുക തിരിച്ചടച്ചിട്ടില്ല

പ്രോജ.നം. - 61/17-18

അടങ്കൽ - 2200000/-

ചെലവ് - 2087189/-

ബിൽ നം. - 1/2017-18/20.02.18

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായ പാലിയേറ്റീവ് കെയർ സെക്കന്ററി പ്രോജക്ട് എന്ന പദ്ധതിയ്ക്കായി വിവിധ പഞ്ചായത്തുകളിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾക്ക് ഗ്രാമ പഞ്ചായത്ത് മുഖേന ബ്ലോക്ക് വിഹിതം നല്കിയിരുന്നു. ഇതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളുടെ വിനിയോഗ ശേഷമുള്ള തുക അതത് പഞ്ചായത്തുകളിൽ അവശേഷിക്കുന്നു .

| സ്ഥാപനത്തിന്റെ പേര് | അനുവദിച്ച തുക | വിനിയോഗിച്ച തുക | ബാക്കി |
|---|---|---|---|
| ഗവ.ഫിഷറീസ് ആശുപത്രി, പല്ലന | 300000 | 299860 | 140 |
| പി.എച്ച്.സി, ചെറുതന | 300000 | 299971 | 29 |
| പി.എച്ച്.സി, കരുവാറ്റ | 300000 | 297722 | 2278 |
| പി.എച്ച്.സി, കുമാരപുരം | 300000 | 299884 | 116 |
| | | ആകെ | 2563 |

ബാക്കി തുക കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെയടയ്ക്കേണ്ടതാണ് .

## 3-4 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് - വിനിയോഗ ശേഷമുള്ള തുക തിരിച്ചടച്ചിട്ടില്ല.

പ്രോജക്ട് നം. - 57/18

അടങ്കൽ - 770000/-

ചെലവ് - 770000/-

ബിൽ നം. - ICDS/HPD/2/2017-18/19.12.17 – 582500/-

ICDS/HPD/4/2017-18/19.02.18 -137500/-

ICDS/HPD/5/2017-18/14.03.18 – 50000/-

സി.ഡി.പി.ഒ നിർവ്വഹണ ഉദ്യോഗസ്ഥയായ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് എന്ന പദ്ധതിയ്ക്ക് ബ്ലോക്ക് വിഹിതം ലഭിച്ച ചെറുതന , കുമാരപുരം എന്നീ പഞ്ചായത്തുകൾ വിനിയോഗ ശേഷമുള്ള തുക തിരിച്ചടച്ചിട്ടില്ല . വിശദാംശം ചുവടെ ചേർക്കുന്നു

| പഞ്ചായത്തിന്റെ പേര് | അനുവദിച്ച തുക | വിനിയോഗിച്ച തുക | ബാക്കി |
|---|---|---|---|

| | | | |
|---|---|---|---|
| ചെറുതന | 95000 | 93350 | 1650 |
| കുമാരപുരം | 100000 | 97886 | 2114 |
| | | ആകെ | 3764 |

തുക കൺസോളിഡേറ്റഡ് അക്കൗണ്ടിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ് .

## 3-5 കുഴൽ കിണർ- പ്രോജക്റ്റ് നിർവ്വഹണത്തിലെ അപാകത - തുക തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നമ്പർ - S0103/18

അടങ്കൽ - 14,33,000/- (വികസനഫണ്ട്)

നിർവ്വഹണം - സെക്രട്ടറി

ചെലവ് - ബിൽ നം. 36/ 27.3.18 - 14,33,000 /-

കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്തിലെ മഹാദേവികാട് പ്രദേശത്ത് കുടിവെള്ളക്ഷാമം രൂക്ഷമായതിനാൽ കുഴൽ കിണർ സ്ഥാപിക്കുന്നതിന് ഭൂജലവകുപ്പിന്റെ അനുമതിക്ക് ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റി 17.2.18 ൽ (8-ാം നമ്പർ തീരുമാനം) തീരുമാനമെടുക്കുകയും, S0103/18 പ്രോജക്റ്റ് ആവിഷ്കരിച്ച് വാട്ടർ അതോറിറ്റിയെ നിർവ്വഹണ ഏജൻസിയായി നിശ്ചയിക്കുകയും ചെയ്തു. 27.2.18 ലെ സി.311/18 കത്ത് പ്രകാരം അനന്തര നടപടികൾക്കായി ബ്ലോക്ക് പഞ്ചായത്ത് ഭൂജലവകുപ്പിന് കത്ത് നൽകുകയും 3.3.18 ലെ ജി.ഡബ്ല്യൂ.എ.436/18 കത്ത് പ്രകാരം സ്ഥലപരിശോധന നടത്തുന്നതിന് സർവ്വേചാർജ്ജ് 1750/- രൂപ അടയ്ക്കാൻ ഭൂജലവകുപ്പ് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ഈ തുക 14.3.18 ലെ 419692 ഡി.ഡി. പ്രകാരം തുക അടവാക്കിയിട്ടുണ്ട്. എന്നാൽ സ്ഥലപരിശോധനക്ക് തുക അടവാക്കുന്നതിന് മുൻപ് തന്നെ ട്യൂബ് വെൽ നിർമ്മിക്കുന്നതിന് ആവശ്യമായ എസ്റ്റിമേറ്റ് എടുത്ത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് 9.3.18 ൽ സി.512/2018 നമ്പരായി വാട്ടർ അതോറിറ്റി അസി.എക്സി.എൻജിനീയർക്ക് കത്ത് നൽകുകയും 1433000/- രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് 24.3.18 ൽ നൽകുകയുമുണ്ടായി. പ്രോജക്ടും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഉണ്ട്.

1. ഭൂജലവകുപ്പിന്റെ ഫീസിബിലിറ്റി റിപ്പോർട്ടും എസ്റ്റിമേറ്റും ലഭിക്കുന്നതിന് മുൻപ് തന്നെ ബ്ലോക്ക് പഞ്ചായത്ത് യാതൊരു കരാറുമില്ലാതെ വാട്ടർ അതോറിറ്റിക്ക് റഫ് കോസ്റ്റ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തുക നൽകുകയാണുണ്ടായത്.
2. സർക്കാർ സ്ഥാപനമായ ഭൂജലവകുപ്പുള്ളപ്പോഴാണ് മേഖലയുമായി ബന്ധമില്ലാത്ത വാട്ടർ അതോറിറ്റിയെ നിർവ്വണ ഏജൻസിയായി നിശ്ചയിച്ചത്.
3. ഭൂജലവകുപ്പിൽ നിന്നുള്ള എസ്റ്റിമേറ്റ് പ്രകാരം പ്രവർത്തിക്ക് 640000 രൂപ (15.5.18 ലെ ജി.ഡബ്ലിയൂ.എ.436/18 നമ്പർ കത്ത്) മാത്രം ചെലവാകുമെന്നിരിക്കെയാണ് 14,33,000 രൂപ വാട്ടർ അതോറിറ്റിയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ നിക്ഷേപിച്ചത്. വാട്ടർ അതോറിറ്റി ലഭ്യമാക്കിയ എസ്റ്റിമേറ്റിൽ കുഴൽ കിണർ നിർമ്മാണത്തിനുള്ള 5,00,000രൂപയും സെന്റേജ് ചാർജ്ജ്, കണ്ടിജെൻസീസ്, അൺഫോർസീൻ എക്സ്പെൻസസ്സ് എന്നിവയ്ക്കായി 1,88,000രൂപയും അംഗീകൃത പ്രോജക്ടിൽ ഉൾപ്പെടാത്ത പമ്പ് ഹൌസ് നിർമ്മാണം, പമ്പിങ് മെയിൻ സ്ഥാപിക്കൽ, 10Hpമോട്ടറും അനുബന്ധ ഉപകരണങ്ങൾ, വൈദ്യുത കണക്ഷൻ എന്നിവയ്ക്കായി 7,45,000 രൂപയും ഉൾപ്പെടെ 14,33,000 രൂപയാണ് ചെലവാകുന്നത്.
4. തുക നൽകിയതിനു ശേഷം വാട്ടർ അതോറിറ്റിയുമായി 24.4.18 ൽ ഏർപ്പെട്ട കരാറിൽ പ്രവർത്തി പൂർത്തീകരണ സമയത്ത് നിർമ്മാണചെലവ് 14,33,000 രൂപ ആയില്ലങ്കിൽ തുക തിരികെ ലഭിക്കുന്നത് സംബന്ധിച്ചും പ്രവർത്തിയുടെ പൂർത്തീകരണസമയം, കൃത്യസമയത്ത് പ്രവർത്തി പൂർത്തികരിച്ചില്ലങ്കിൽ സ്വീകരിക്കുന്ന നടപടികൾ എന്നിവ സംബന്ധിച്ചും വ്യവസ്ഥകൾ ഉൾപ്പെടുത്താതെയാണ് തുക നൽകിയത്.

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ - 9 നുള്ള മറുപടിയിൽ 2017-18 പല പ്രോജക്ടുകളിൽ നിന്നുമുള്ള സേവിങ്സ് വന്ന തുക ഉപയോഗിച്ച് മാർച്ച് മാസത്തിലാണ് പ്രോജക്ടിന് അംഗീകാരം വാങ്ങിയതെന്നും കുഴൽ കിണർ സ്ഥാപിച്ച് വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള പൈപ്പിൽ ബന്ധിപ്പിച്ചാൽ മാത്രമേ

കുടിവെള്ളക്ഷാമത്തിന് പരിഹാരമാകും എന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് പ്രോജക്ട് വാട്ടർ അതോറിറ്റിയെ ഏൽപ്പിച്ചതെന്നും പ്രവർത്തി പുരോഗമിച്ചുകൊണ്ടിരിക്കുകയാണെന്നുമാണ്. മേൽ അപാകതകളാലും പ്രവർത്തി പൂർത്തീകരിച്ചിട്ടില്ലാത്തതിനാലും 14,33,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 സാക്ഷരത പദ്ധതി-ഗുണഭോക്തൃവിഹിതം -സാക്ഷരതമിഷന് നൽകിയില്ല. പദ്ധതിയുടെ ലക്ഷ്യം കൈവരിച്ചില്ല.

പത്താംതരം തുല്യത, പന്ത്രണ്ടാംതരം തുല്യത എന്നിവയ്ക്കായി പ്രോജക്ട് നം. 36 പ്രകാരം 416250/- രൂപയുടെ പ്രോജക്ട് തയ്യാറാക്കിയിരുന്നു.

81 പന്ത്രണ്ടാം തരം തുല്യത പഠിതാക്കൾക്കായി ബിൽ നം. 30/18 തീയതി. 21-3-2018 പ്രകാരം 81000/- രൂപ സാക്ഷരതമിഷനിൽ ഒടുക്കിയിരുന്നു. കൂടാതെ ഗുണഭോക്തൃവിഹിതം ഇനത്തിൽ 76950/- രൂപ പഠിതാക്കളിൽ നിന്ന് ഈടാക്കി ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്കിയിരുന്നു. എന്നാൽ തുക നാളിതുവരെയായിട്ടും സാക്ഷരതമിഷന് കൈമാറിയിട്ടില്ല. കോഴ്സ് ഫീസ് ഇനത്തിലാണ് പദ്ധതി തയ്യാറാക്കിയത്. ഫീസ് പൂർണ്ണമായും സാക്ഷരതമിഷന് കൈമാറാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.

## 3-7 ഗുണഭോക്താക്കളെ ലഭിക്കാത്തതിനാൽ വ്യവസായ വികസന ഓഫീസർ നിർവ്വഹണഉദ്യോഗസ്ഥനായി അംഗീകാരം ലഭിച്ച പ്രോജക്ടുകൾ ഉപേക്ഷിച്ചു.

വ്യവസായ വികസന ഓഫീസർ നിർവ്വഹണ ഉദ്യാഗസ്ഥനായി പേപ്പർ ക്യരിബാഗ് യൂണിറ്റ്, ഫുഡ് പ്രോസ്സസ്സിംഗ് യൂണിറ്റ് എന്നീ രണ്ട് പ്രോജക്ടുകൾക്ക് ആംഗീകാരം ലഭിച്ചിരുന്നു. എന്നാൽ പ്രോജക്ടുകൾ നിർവ്വഹണത്തിനായി ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമായില്ല എന്ന് സെപ്റ്റംബർ മാസം മുതലുള്ള കമ്മറ്റിയിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ കമ്മറ്റിയുടെ ശ്രദ്ധയിൽ പ്പെടുത്തിയിരുന്നു. എന്നാൽ 16-2-2018ൽ ഗുണഭോക്താക്കളെ ലഭിക്കാഞ്ഞതിനാൽ പദ്ധതി ഉപേക്ഷിച്ച തുക ലൈഫ് പദ്ധതിക്കായി മാറ്റുകയുണ്ടായി.

വർക്കിഗ് ഗ്രൂപ്പുകളുടെ നിർദ്ദേശാനുസൃതം പ്രായോഗികമായ പ്രോജക്ടുകൾ കണ്ടെത്തി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതി സംബന്ധിച്ച വിവരങ്ങൾ നേരത്തെ കൈമാറുന്നതിനും, ഗുണഭോക്തൃലിസ്റ്റ് സമയബന്ധിതമായി ലഭ്യമാക്കുന്നതിനും അതാത് സ്റ്റാന്റിംഗ് കമ്മറ്റികളും വർക്കിംഗ് ഗ്രൂപ്പുകളും കാര്യക്ഷമമാകേണ്ടതാണ്.

## 3-8 പ്ലാസ്റ്റിക് റീസൈക്ലിങ് യൂണിറ്റ് - ഭൌതീക സാഹചര്യം ഒരുക്കലും, മെഷിനറി വാങ്ങലും - മതിയായ മുന്നൊരുക്കങ്ങൾ ഇല്ലാതെയുള്ള പ്രോജക്ട് നിർവ്വഹണം

ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ പ്ലാസ്റ്റിക് റീസൈക്ലിങ് യൂണിറ്റ് തുടങ്ങുന്നതിനായി ഭൗതീക സാഹചര്യം ഒരുക്കുന്നതിനും, മെഷിനറി വാങ്ങുന്നതിനുമായി 2017-18 വർഷം രണ്ട് പ്രോജക്ടുകൾ ആവിഷ്ക്കരിച്ചിരുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്ലാസ്റ്റിക് റീസൈക്ലിങ് യൂണിറ്റ്- ഭൌതീക സാഹചര്യം ഒരുക്കൽ | പ്ലാസ്റ്റിക് റീസൈക്ലിങ് യൂണിറ്റ് - മെഷിനറി വാങ്ങൽ |
|---|---|
| പ്രോജക്ട് നമ്പർ - S092/18<br>അടങ്കൽ -49,46,592 (വികസനഫണ്ട് - 951685/- ഗ്രാമപഞ്ചായത്ത് വിഹിതം - 3994907/-)<br>നിർവ്വഹണം - അസി.എക്സി.എൻജിനീയർ<br>ചെവല് - ബിൽ നം. 21/ 6.1.18 - ,30,000/- | പ്രോജക്ട് നമ്പർ - S093/18<br>അടങ്കൽ - 43,44,593(വികസനഫണ്ട് - 30,00,000/-ഗ്രാമപഞ്ചായത്ത് വിഹിതം -1344593/-)<br>നിർവ്വഹണം - അസി.എക്സി.എൻജിനീയർ<br>ചെലവ് - ഇല്ല |

തദ്ദേശസ്ഥാപനങ്ങളിലെ പ്രധാനപ്പെട്ട പ്രശ്നങ്ങളിൽ ഒന്നായ പ്ലാസ്റ്റിക് മാലിന്യങ്ങളുടെ നിർമ്മാർജ്ജനത്തിന് ശാശ്വത പരിഹാരമുണ്ടാക്കുന്നതിനാണ് ഗ്രാമപഞ്ചായത്തുകളുമായി ചേർന്ന സംയുക്ത പ്രോജക്ടായി ഒരു പ്ലാസ്റ്റിക് റീസൈക്ലിങ് യൂണിറ്റ് സ്ഥാപിക്കുന്നതിന് മേൽ പ്രോജക്ടുകൾ ആവിഷ്ക്കരിച്ച് അംഗീകാരം വാങ്ങിയത്. തൃക്കുന്നപ്പുഴ

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പല്ലനയിലാണ് പ്ലാന്റ് സ്ഥാപിക്കാൻ തീരുമാനിച്ചിരിക്കുന്നത്. പ്ലാസ്റ്റിക് റീസൈക്ലിങ് യൂണിറ്റിന് ഭൌതീക സാഹചര്യം ഒരുക്കുന്ന പ്രോജക്റ്റിലുൾപ്പെടുത്തി മണ്ണ് പരിശോധന നടത്തുന്നതിനായി കോളേജ് ഓഫ് എജിനീയറിങ്ങിന് നൽകിയ 30,000/- രൂപ മാത്രമാണ് രണ്ട് പ്രോജക്ടുകളിലുമായുള്ള തൻവർഷ ചെലവ്. മെഷിനറി സ്ഥാപിക്കുന്നതിനുള്ള ഭൌതീകസാഹചര്യങ്ങളായ കെട്ടിടം, വൈദ്യുതി, ജലലഭ്യത എന്നിവ ഉറപ്പ് വരുത്താതെയാണ് മെഷിനറി വാങ്ങുന്നതിനുള്ള പ്രോജക്റ്റിന് അംഗീകാരം വാങ്ങിയത്.

നിർവ്വണത്തിലെ പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ.ഉ(സാധാ) നം. 1641/17/ത.സ്വ.ഭ.വ 19.05.17 ലെ ഉത്തരവ് പ്രകാരം ടെന്റർ നടപടികൾ കൂടാതെ മാലിന്യ സംസ്കരണ പ്രോജക്ടുകളുടെ നിർവ്വഹണം ഏറ്റെടുത്ത് നടത്തുന്നതിന് ക്ലീൻ കേരള കമ്പനിക്കാണ് ചുമതല നൽകിയത്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് ഐ.ആർ.റ്റി.സി, പാലക്കാട് എന്ന സ്ഥാപനത്തെയാണ് ഈ പദ്ധതിയുടെ അക്രഡിറ്റഡ് ഏജൻസിയായി നേരിട്ട് തെരഞ്ഞെടുത്തിരിക്കുന്നത്. പദ്ധതി സംബന്ധിച്ച് ശുചിത്വമിഷനോട് അഭിപ്രായം ആരാഞ്ഞതിലും ടെണ്ടറില്ലാതെ ക്ലീൻ കേരള കമ്പനിയിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്ന് വാങ്ങുമ്പോൾ സ്റ്റോർ പർച്ചേസ് മാനുവലിലെ വ്യവസ്ഥകൾക്ക് വിധേയമായി ടെണ്ടർ നടപടികളിലൂടെ വേണം മെഷിനറി വാങ്ങേണ്ടതെന്ന് രേഖാമൂലം അറിയിച്ചുവെങ്കിലും ഐ.ആർ.റ്റി.സി, പാലക്കാടിനെയാണ് നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ളത്.
2. സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട ധനകാര്യവകുപ്പിന്റെ 23.01.17 ലെ ജി.ഒ(പി) നം.7/2017 ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചില്ല.
3. മെഷിനറി സ്ഥാപിക്കുന്നതിനായി കെട്ടിടം, വൈദ്യുതി (3 ഫേസ് കണക്ഷൻ) ജലലഭ്യത മുതലായ അടിസ്ഥാനസൌകര്യങ്ങൾ ഒരുക്കാതെയാണ് മെഷിനറി വാങ്ങുന്നതിനായുള്ള പ്രോജക്റ്റിന് അംഗീകാരം വാങ്ങിയത്.
4. ഐ.ആർ.റ്റി.സിയുടെ മെഷീൻ സംബന്ധിച്ച വിശദാംശങ്ങളിൽ നിന്നും പെല്ലറ്റൈസറോടു കൂടിയ മെഷീനാണ് സ്ഥാപിക്കുന്നത്. ഇതിനായി മലിനീകരണ നിയന്ത്രണ ബോർഡിന്റെ എൻ.ഒ.സി. വാങ്ങിയതായി കാണുന്നില്ല.
5. രണ്ട് പ്രോജക്ടുകൾക്കുമായുള്ള ഗ്രാമപഞ്ചായത്ത് വിഹിതമായി 53,39,000/-രൂപ (പള്ളിപ്പാട് - 13,00,000/-, കരുവാറ്റ – 13,77,000/-, തൃക്കുന്നപ്പുഴ – 15,00,000/-, കാർത്തികപ്പള്ളി - 5,00,000/-, ചെറുതന – 4,62,000/-, വീയപുരം - 2,00,000/-) ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ ജി.ഒ.(എം.എസ്)72/17 ത.സ്വ.ഭ.വ. തീ.29.3.17ലെ ഖണ്ഡിക 6.5(2) ൽ അനുശാസിക്കും വിധം സംയുക്ത പ്രോജക്റ്റിൽ പങ്കാളികളാവുന്ന തദ്ദേശസ്ഥാപനങ്ങൾ തമ്മിൽ കരാറിലേർപ്പെട്ടിട്ടില്ല.
6. ഐ.ആർ.റ്റി.സിയുടെ പ്രോപ്പോസൽ പ്രകാരം മെഷിനറി സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കുക വഴി 2,40,000/- രൂപയുടെ പ്രതിവർഷ ലാഭം ഉണ്ടാകും. ഈ തുക പ്ലാന്റിന്റെ ആവർത്തന ചെലവുകൾക്ക് പര്യാപ്തമാണൊ, അല്ലാത്ത പക്ഷം ആവർത്തനചെലവുകൾക്കുള്ള തുക എപ്രകാരം കണ്ടെത്തും എന്നതിനെ കുറിച്ചോ ബ്ലോക്ക് പഞ്ചായത്ത് പഠനം നടത്തിയിട്ടില്ല.
7. ഗ്രാമപഞ്ചായത്തുകളിൽ നിന്ന് പ്ലാസ്റ്റിക് വേസ്റ്റ് ശേഖരിച്ച് പ്ലാന്റിലെത്തിക്കുന്നതിനെക്കുറിച്ചും, ഇതിനായുള്ള വാഹനസൌകര്യം, തൊഴിലാളികളുടെ വേതനം എന്നിവ സംബന്ധിച്ചും വ്യക്തതയില്ല.
8. ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്ന കുമാരപുരം ഗ്രാമപഞ്ചായത്ത് യാതൊരു തുകയും പ്രോജക്റ്റിനായി നിക്ഷേപിച്ചിട്ടില്ല. അതിനാൽ ഈ പഞ്ചായത്തിലുണ്ടാകുന്ന പ്ലാസ്ററിക് വേസ്റ്റ് ശേഖരിക്കുന്നതിനെ കുറിച്ച് യാതൊരു തീരുമാനവും ബ്ലോക്ക് പഞ്ചായത്തെടുത്തിട്ടില്ല.
9. ഐ.ആർ.റ്റി.സിയുടെ പ്രോപ്പോസൽ പ്രകാരം ബ്ലോക്ക് പഞ്ചായത്തിൽ സ്ഥാപിക്കുന്ന SITS- 600 മെഷിനിൽ 300kg of plastic/hr സംസ്കരിക്കാൻ കഴിയും. ഇത്രയും പ്ലാസ്റ്റിക് വേസ്റ്റ് സംസ്കരണത്തിനായി ലഭ്യമാണോ എന്നത് സംബന്ധിച്ച പഠന റിപ്പോർട്ടുകളൊന്നും ഫയലിൽ ലഭ്യമല്ല.

ആയതിനാൽ പ്ലാന്റ് സ്ഥാപിക്കുന്നതിന് മുൻപായി മേൽ ചൂണ്ടികാണിച്ച വിഷയങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് വ്യക്തത വരുത്തി പ്രോജക്റ്റ് നിർവ്വണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്കിലെ അപാകതകൾ

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഡെപ്പോസിറ്റ് രജിസ്റ്റർ, RP -34, B-7 എന്നീ പത്രികയിലെ വരവ്, നീക്കിയിരുപ്പ് വിവരങ്ങൾ ഡെപ്പോസിറ്റ് രജിസ്റ്റർ ഹാജരാക്കി ബോധ്യപ്പെടുത്തിയിട്ടില്ല.
2. മറ്റ് അക്കൌണ്ടുകളിൽ സൂക്ഷിച്ചിരിക്കുന്ന പ്രത്യേക ഉദ്ദേശ ഗ്രാന്റുകളുടെ എ.സി.ആർ. തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
3. 31.3.18 ലെ B-11 ലെ വിവരങ്ങളുടെ കൃത്യത ആസ്തി രജിസ്റ്റർ ഹാജരാക്കി തെളിയിച്ചിട്ടില്ല.
4. അടിസ്ഥാന അനുപാതങ്ങൾ പ്രധാനപ്പെട്ട അക്കൌണ്ടിങ് നയങ്ങളെ സംബന്ധിച്ച കുറിപ്പുകൾ എന്നിവ വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല.
5. ബാലൻസ് ഷീറ്റിന്റെ B -4 ഷെഡ്യൂളിലെ 320100115 ഹെഡിൽ ടോട്ടൽ സാനിട്ടേഷനായി ലഭിച്ച തുകയിൽ 1456824/- രൂപ ചെലവഴിക്കാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടോട്ടൽ സാനിട്ടേഷന്റെ മാനവൽ കാഷ് ബുക്ക് പ്രകാരം ഈയിനത്തിൽ 1997026/- രൂപ ബാലൻസുണ്ട്.
6. അസി.എക്സി. എൻജിനീയർ ലഭ്യമാക്കിയ കണക്ക് പ്രകാരം 3406714/- രൂപ പാർട്ട് ബിൽ നൽകിയിട്ടുണ്ട്. എന്നാൽ ഈ തുക ബാലൻസ് ഷീറ്റിന്റെ B-11a യിൽ കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്ന ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല.
7. ലോൺ രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിന്റെ B-5ൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
8. MGNREGS ന് അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾക്കായി ചെലവഴിച്ച തുക RP 31 ൽ ഉൾപ്പെടുത്തുന്നതിന് പകരം അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾക്കായി ബ്ലോക്ക് പഞ്ചായത്ത് മുൻകൂറായി നൽകിയ തുകയിൽ തിരികെ ലഭിച്ച 544830/- രൂപ RP-7 ൽ വരവായി ഉൾപ്പെടുത്തിയിരിക്കുന്നു.
9. കേരളോത്സവത്തിന്റെ വരവായി RP-7 ൽ 100000/- രൂപയും 220800103 എന്ന ചെലവ് ഹെഡിൽ കേരളോത്സവം ചെലവായി 100000/- രൂപയും 251100801 എന്ന ചെലവ് ഹെഡിൽ യൂത്ത് വെൽഫെയർ (ജനറൽ) ചെലവായി കേരളോത്സവത്തിനായി ചെലവഴിച്ച ഇതേ 100000/- രൂപ വീണ്ടും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ തുക വികസനഫണ്ടിൽ നിന്ന് 35/18 –പ്രോജക്ടിലുൾപ്പെടുത്തി കേരളോത്സവത്തിനായി ചെലവഴിച്ചതാണ്. ഇതിന്റെ വരവും ചെലവും വികസനഫണ്ടിന്റെ വരവിലും ചെലവിലും ഉൾപ്പെട്ടിട്ടുള്ളതാണ്.
10. RP 31 ൽ 320100110 എന്ന ഹെഡിൽ IAY ജനറൽ വരവായി 93794/- രൂപ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും മാനവൽ കാഷ് ബുക്ക്, ലെഡ്ജർ എന്നിവ പ്രകാരം ഈയിനത്തിലുള്ള വരവ് 114711/- രൂപയാണ്. വ്യത്യാസം 20917.
11. RP 31 ൽ 320700200 എന്ന ഹെഡിൽ 5175932/- രൂപ വരവായി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും വരവിന്റെ കൃത്യത ബോധ്യപ്പെടുത്തിയിട്ടില്ല.
12. RP 47 ലെ 460100103 എന്ന ഹെഡിൽ ടെമ്പററി അഡ്വാൻസ് ഫോർ ഒഫീഷ്യൽ പർപ്പസ് എന്ന ഹെഡിൽ 47853/- രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ ഹെഡിന്റെ ലെഡ്ജർ പ്രകാരം 51599/- രൂപയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അഡ്വാൻസ് രജിസ്റ്റർ ഹാജരാക്കാത്തതിനാൽ RP 47ലും B-18ലും ഉൾപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.
13. ചെലവ് പത്രിക പ്രകാരം പ്രൊഫഷണൽ കോളേജിൽ പഠിക്കുന്ന എസ്സ്.സി. വിദ്യാർത്ഥികൾക്കായി 655000/- രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും അക്കൌണ്ട്സിലെ RP-16ലെ 251101402 എന്ന പട്ടികജാതി വിഭാഗത്തിന്റെ ചെലവ് രേഖപ്പെടുത്തേണ്ട ഹെഡിൽ 381000/- രൂപയും 251101401 എന്ന ജനറൽ വിഭാഗത്തിന്റെ ചെലവ് രേഖപ്പെടുത്തേണ്ട ഹെഡിൽ 274000/- രൂപയുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2017-18 | 112000 | IAY/PMAY | 112000 | |
| പള്ളിപ്പാട് ഗ്രാമപഞ്ചായത്ത് | 2017-18 | 3452535 | ,, | 3028162 | 424373 |
| ചെറുതന | 2017-18 | 745004 | ,, | 745004 | |
| കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്ത് | 2017-18 | 396000 | ,, | 396000 | |
| കരുവാറ്റ ഗ്രാമപഞ്ചായത്ത് | 2017-18 | 40000 | ,, | 40000 | |
| കുമാപുരം ഗ്രാമപഞ്ചായത്ത് | 2017-18 | 40000 | ,, | 40000 | |
| ഹരിപ്പാട് ഗ്രാമപഞ്ചായത്ത് | 2017-18 | 612000 | ,, | 612000 | |
| പള്ളിപ്പാട് ഗ്രാമപഞ്ചായത്ത് | 2017-18 | 1300000 | പ്ലാസ്റ്റിക് റീ സൈക്ലിംഗ് യൂണിറ്റ് ഭൗതിക സാഹചര്യവും മെഷിനറി വാങ്ങലും | | 1300000 |
| ചെറുതന ഗ്രാമപഞ്ചായത്ത് | 2017-18 | 462000 | ,, | | 462000 |
| കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്ത് | 2017-18 | 500000 | ,, | | 500000 |
| കരുവാറ്റ ഗ്രാമപഞ്ചായത്ത് | 2017-18 | 1377000 | ,, | | 1377000 |
| വിയപുരം ഗ്രാമപഞ്ചായത്ത് | 2017-18 | 200000 | ,, | | 200000 |
| തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് | 2017-18 | 1500000 | ,, | | 1500000 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവർത്തി നടത്തുന്നതിന് മുൻകൂർ നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു,

| നിർവഹണ ഏജൻസി | പ്രവർത്തിയുടെ പേര്. | ഡി. ഡി നം | നൽകിയ തുക. | ചെലവഴിച്ച തുക. | ബാക്കിയുള്ള തുക. |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കുഴൽ കിണർ സ്ഥാപിക്കൽ | 419692/ 14.03.18 | 1433000 | ഇല്ല | 1433000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ബ്ലോക്ക് പഞ്ചായത്ത് ലഭ്യമാക്കിയ വിവരം പ്രകാരം 941456/- രൂപ വായ്പ ഇനത്തിൽ തൻ വർഷം തിരിച്ചടച്ചിട്ടുണ്ട്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## 4-7 ഓഡിറ്റ് റിക്കവറി

--ഇല്ല--

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

--ഇല്ല--

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 118104653 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 89793455 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2333000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 900000 | ശ്രീമതി. രാജലക്ഷ്മി, സി.ഡി.പി.ഒ |
| 3-5 | 1433000 | ശ്രീ. കെ. അനിൽ കുമാർ, സെക്രട്ടറി |
| ആകെ | 2333000 | |

(സി) കേന്ദ്ര-സംസ്ഥാനസർക്കാരുകൾ,മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.രാജലക്ഷമി, സി.ഡി.പി.ഒ | സി.ഡി.പി.ഒ, ബ്ലോക്ക് പഞ്ചായത്ത്, ചിറയിൻകീഴ് | ശരത് ഭവൻ ,വക്കം,തിരുവനന്തപുരം |
| ശ്രീ. കെ. അനിൽ കുമാർ, സെക്രട്ടറി | ബി.ഡി.ഒ, ബ്ലോക്ക് പഞ്ചായത്ത് , ശാസ്താംകോട്ട | കല്ലറാവിൽ, വേങ്ങ പി.ഒ,ശാസ്താംകോട്ട |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| | |
|---|---|
| 2003-04 മുതൽ 2008-09 വരെ | എൽ.എഫ്.ജി.എ5/ ബി.പി.അദാലത്ത് 26(78) |
| 2009-10 | എൽ.എഫ്.ജി.ബി.പി.1770/11/31.05.12/13.08.12 |
| 2010-11 & 2011-12 | എൽ.എഫ്.ജി.ബി.പി 1084/13/21.10.13 |
| 2012-13 | കെ.എസ്.എ.എ.പി.ഇസഡ് -ബി.പി 368/15/09.03.15/07.05.15 |
| 2013-14 | കെ.എസ്.എ.എ.പി.ഇസഡ്/1054/2015/03.08.15/07.09.15 |
| 2014-15,2015-16 | കെ.എസ്.എ.എ.എൽ.പി.ബി.പി.1163/16/16.11.16 |
| 2016-17 | കെ.എസ്.എ.എ.എൽ.പി.ബി.പി-1454/2017/05.12.17/08.12.17 |

:
:
:

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ആലപ്പുഴ

# അനുബന്ധം – I

നം. കെ.എസ്.എ-എ.എൽ.പി-ബി.പി-1498/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.

തീയതി: 16.11.2018

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക നം. 4-1ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.
.
.
.
.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

## അനുബന്ധം – II

| | | |
|---|---|---|
| 1. | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2. | ഇൻകം & എക്സ്പെൻഡിച്ചർ | |
| 3. | ബാലൻസ് ഷീറ്റ് | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ